പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6119          09.07.2013-ൽ മറുപടിക്ക്

ഉത്സവ ദിനങ്ങളിലെ അമിതമായ മദ്യവിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. പി.റ്റി. എ. റഹീം<br>ശ്രീ. റ്റി.വി. രാജേഷ് | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

| | |
|---|---|
| (എ) സംസ്ഥാനത്ത് പ്രധാനമായിട്ടുള്ള ആഘോഷങ്ങളും ഉത്സവങ്ങളും അടുത്ത കാലത്തായി മദ്യോത്സവ ങ്ങളായി മാറിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രമുഖ ഉത്സവ ദിനങ്ങളിൽ മദ്യ വിൽപ്പന സാധാരണ ദിനങ്ങളേ ക്കാൾ കൂടുതലാണോ; | (ബി) കൂടുതലാണ്. |

(സി) കഴിഞ്ഞ ഓണം, പെരുന്നാൾ, ക്രിസ്തുമസ്, വിഷു തുടങ്ങിയ മലയാളികളുടെ ഉത്സവങ്ങളോടനുബന്ധിച്ചുള്ള ഓരോ ഒരാഴ്ചയും ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ അളവും വരുമാനവും സംബന്ധിച്ച് വിശദമാക്കാമോ; ഇവ കഴിഞ്ഞ അഞ്ചുവർഷം മുമ്പുള്ളതിന്റെ എത്ര ശതമാനം കണ്ട് കൂടുതലാണ് ; ലഭ്യമായ കണക്കുകൾ വിശദമാക്കാമോ?

(സി) കഴിഞ്ഞ ഓണം, പെരുന്നാൾ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ചുള്ള ഓരോ ആഴ്ചയും ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ വില്പനയും അളവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. കഴിഞ്ഞ 5 വർഷം മുമ്പ് ഈ കാലയളവിൽ നടത്തിയ മദ്യത്തിന്റെ വിൽപ്പന, 2012 കാലയളവിലെ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ, വില്പനവിലയിൽ ഏകദേശം 90% വർദ്ധനവ് ഉള്ളതായും, വില്പന അളവിൽ, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഏകദേശം 42% വർദ്ധനയും ബിയറിന്റെ വില്പന അളവിൽ ഏകദേശം 44% വർദ്ധനവുമുള്ളതായി കാണുന്നു.

സെക്ഷൻ ഓഫീസർ

[redacted] [redacted]

അനുബന്ധം - I

Sale value of IMFL & Beer during the week of previous festival seasons

| | Ramazan 3.8.2012 to 9.8.2012 | Onam 24.8.2012 to 30.8.2012 | Christmas 19.12.2012 to 25.12.2012 | Vishu 8.4.2013 to 14.4.2013 |
|---|---|---|---|---|
| | Sale value (Rs. In crores) | | | |
| 1 | 18.49 | 35.94 | 24.24 | 22.28 |
| 2 | 26.15 | 43.25 | 21.49 | 26.43 |
| 3 | 14.33 | 28.13 | 30.91 | 28.38 |
| 4 | 21.66 | 47.41 | 35.05 | 27.34 |
| 5 | 22.68 | 42.28 | 24.64 | 30.23 |
| 6 | 20.85 | 25.71 | 42.52 | 34.47 |
| 7 | 21.22 | 32.17 | 22.81 | 40.43 |
| **Total** | **145.38** | **254.89** | **201.66** | **209.58** |

ജനറൽ മാനേജർ

[redacted]

അനുബന്ധം - II

| Sale Quantity of IMFL AND BEER during the week of Previous festival seasons (Quantity in cases) | | | | | | | |
|---|---|---|---|---|---|---|---|
| Ramzan | | Onam | | Christmas | | Vishu | |
| 3.8.2012 to 9.8.2012 | | 24.8.12 to 30.8.12 | | 19.12.12 to 25.12.12 | | 8.4.2013 to 14.4.13 | |
| IMFL | BEER | IMFL | BEER | IMFL | BEER | IMFL | BEER |
| 496918 c/s | 147388 c/s | 448730 c/s | 169079 c/s | 425529 c/s | 182015 c/s | 442981 c/s | 311822 c/s |

(signature)
ജനറൽ മാനേജർ